(b) what is the nature of the work the West Coast Fisheries Ltd. are carrying out at present; and

(c) is there a cold storage plant in the possession of the west Coast Fisheries Ltd.?

Minister for Health (SHRI A. A. RAHIM):

(a) (1) By way of shares Rs. 5,00,000.

(2) By way of loan Rs. 4,86,000

(b) No work is being done at present. The reconstruction of the capital of the company is being carried through. As soon as the Refrigeration plant is erected it will be utilised for the freezing and export of fish and prawns.

(c) Yes.

പാൽപ്പൊടി.

* 199. [24] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യമായി വിതരണം ചെയ്യുന്നതിന് എത്ര പാൽപ്പൊടി ഇപ്പോൾ ഗവണ്മെൻറിന്റെ കൈവശമുണ്ട്;

(ബി) എത്ര കേന്ദ്രങ്ങളിൽ പാൽപൊടി വിതരണം ചെയ്യുന്നുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) സൗജന്യമായി വിതരണം ചെയ്യുന്നതിന് ഇപ്പോൾ 151,500 പൗണ്ട് പാൽപ്പൊടി ഗവണ്മെൻറിന്റെ കൈവശമുണ്ട്.

(ബി) 1,000 കേന്ദ്രങ്ങളിൽ പാൽപ്പൊടി വിതരണം ചെയ്യുന്നുണ്ട്.

പാൽപ്പൊടി വിതരണം.

* 200 [25] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽപ്പൊടി വിതരണത്തിന്റെ മേൽനോട്ടവും, പരിശോധനയും നടത്തുന്നതു് ആരാണ്;

(ബി) പാൽപ്പൊടി വിതരണം സംബന്ധിച്ചു ക്രമക്കേടുകളെപ്പറ്റി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ഡി) കുട്ടികളുടെ ആരോഗ്യത്തെ പരിഗണിച്ചു് എല്ലാ പ്രൈമറിസ്കൂളുകളിലും കുട്ടികൾക്കു പാൽ വിതരണം ചെയ്യാൻ എർപ്പാടുകൾ ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) പബ്ലിക് ഹെൽത്ത് ഡയറക്ടർ, ഡിസ്ട്രിക്ട് ഹെൽത്ത് ആഫീസർ; അസിസ്റ്റൻറ് കൺവീനർ, താലൂക്ക് ഹെൽത്ത് ഇൻസ്പെക്ടർ ഇവരാണ് പാൽപ്പൊടി വിതരണത്തിൻറെ പരിശോധനകൾ നടത്തുന്നത്.

(ബി) ഉണ്ട്.

(സി) പാൽവിതരണ പദ്ധതി തുടങ്ങിയിട്ട് ഇപ്പോൾ ഏകദേശം പത്തു വർഷത്തിൽ കൂടുതലായി. എത്രകാലംമുതലുള്ള പരാതികളെയാണ് ഉദ്ദേശിക്കുന്നതെന്ന് ചോദ്യത്തിൽ വ്യക്തമാക്കിയിട്ടില്ല. ആരംഭംമുതലുള്ള പരാതികളെപ്പറ്റിയാണെങ്കിൽ കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടിയിരിക്കുന്നു. അതിനാൽ ഇപ്പോൾ മറുപടി പറയാൻ സാദ്ധ്യമല്ല.

(ഡി) ഇപ്പോഴത്തെ സ്റ്റാറ്റസനുസരിച്ച് എല്ലാ അപ്പ്രെമറിസ്കൂളുകളിലും പാൽപ്പൊടി വിതരണം ചെയ്യുവാൻ സാധ്യമല്ല. കൂടുതൽ പാൽപ്പൊടി ലഭിക്കുന്നപക്ഷം അതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്.

പഞ്ചായത്തതിർത്തിക്കകത്തുള്ള പുറമ്പോക്കു ഭൂമി.

* 201. [28] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തതിർത്തികളിലുള്ള പുറമ്പോക്കു ഭൂമിയുടെ മേൽ പഞ്ചായത്തുകൾക്കധികാരം കൊടുക്കുവാൻ ഗവണ്മെൻറ് നടപടികൾ എടുക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അവസാനതീരുമാനം എത്ര നാൾക്കകം എടുക്കും?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) പഞ്ചായത്തതിർത്തികളിലുള്ള പുറമ്പോക്കു സ്ഥലങ്ങൾ എല്ലാം പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കണമെന്ന് ഗവണ്മെൻറ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ പഞ്ചായത്തിൻറെ ആവശ്യത്തിനുള്ളതു വിട്ടുകൊടുക്കുന്ന കാര്യം ഗവണ്മെൻറിൻറെ ആലോചനയിലിരിക്കുന്നു.

(ബി) തീരുമാനം കഴിയുന്നതുംവേഗം ഉണ്ടാകും.

മോട്ടാർ ബോട്ടുകളിലെ ഓവർലോഡ്.

* 202. [29] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടാർ ബോട്ടുകളിൽ ഓവർലോഡു കയറ്റുന്നതു തടഞ്ഞുകൊണ്ട് ഗവണ്മെൻറിൽനിന്നും കർശനമായ നടപടികൾ നടത്തുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly